ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, പരമാവധി താൽക്കാലിക തടയണകൾ പെർമനെന്റ് തടയണകളാക്കി മാറ്റുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

ശ്രീ. പി. വിശ്വൻ : സർ, വെള്ളത്തിനുവേണ്ടിയുള്ള യുദ്ധം ആരംഭിച്ചിരിക്കുകയാണ്. മൂന്നാറിൽ ടാറ്റ നിർമ്മിച്ച ചെക്ക്ഡാം അനധികൃതമാണ്. അത് പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ : സർ, മൂന്നാറിൽ ടാറ്റ നിർമ്മിച്ച ചെക്ക്ഡാമുകൾ പൊളിച്ച് മാറ്റുന്നതിനാവശ്യമായിട്ടുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. നിർഭാഗ്യവശാൽ അത് ഹൈക്കോടതിയുടെ പരിഗണനയിലാണ്. കഴിഞ്ഞ ആഴ്ചയിലും കേസുണ്ടായിരുന്നു. അത് postpone ചെയ്തുകൊണ്ടിരിക്കുകയാണ്. അത് കോടതി വിധിക്ക് വിധേയമായി ഗവൺമെന്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

i നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം

5*(665) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ള അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് കേരളത്തിൽ നിന്നും യുവാക്കൾ ഏതെല്ലാം രാജ്യങ്ങളിൽ സന്ദർശനം നടത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി അനുസരിച്ച് വിദേശങ്ങളിൽനിന്നുള്ള എത്ര യുവാക്കൾ കേരളം സന്ദർശിച്ചിട്ടുണ്ട് ;

(ഇ) ഇത്തരം പ്രോഗ്രാം മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇതിനായി കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കേരളത്തിലെ യുവജനങ്ങൾക്ക് വിദേശ രാജ്യങ്ങളിലെ കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുവാനുള്ള അവസരമൊരുക്കുക, വിദേശ ഭാഷാപഠനം, വിദ്യാഭ്യാസരീതിയെക്കുറിച്ചുള്ള അറിവ് നേടൽ എന്നിവയ്ക്കൊപ്പം ഭാരതത്തിന്റെയും മലയാളികളുടെയും സാംസ്ക്കാരിക പൈതൃകവും, പാരമ്പര്യവും മറ്റ് രാജ്യങ്ങളിലെത്തിക്കുകയും കേരളത്തിന്റെ തനത് കലാരൂപങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക എന്നിവയുമാണ് അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പരിപാടികൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) അന്തർദേശീയ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി കേരളത്തിൽ നിന്നും 11 അംഗസംഘം 2-4-2009 മുതൽ 22-4-2009 വരെ ജർമ്മനി സന്ദർശിച്ചിട്ടുണ്ട്.

(സി) ഭാരതസർക്കാർ സംഘടിപ്പിച്ചുവരുന്ന ദേശീയ യുവജനോത്സവ പ്രതിഭകൾ, സംസ്ഥാന കേരളോത്സവ വിജയികൾ, യുവജന പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ചവർ, സർവ്വകലാശാല യുവജനോത്സവ വിജയികൾ തുടങ്ങിയ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതിനായി യുവാക്കളെ തെരഞ്ഞെടുക്കുന്നത്.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ജർമ്മനിയിൽ നിന്നുമുള്ള 25 യുവാക്കൾ കേരളം സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

(ഇ) മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം പ്രോഗ്രാം നിലവിലുണ്ടോ എന്ന വിവരം അറിവില്ല.

(എഫ്) സ്വീകരിക്കുന്നതാണ്.

യുവശക്തി പദ്ധതി

6 (*666) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ശശികുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ യുവശക്തി പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന്, സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly